പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 119** **29-06-2026-ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നതിന് നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി ഉഷ വിജയൻ

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** പാരിസ്ഥിതിക ജാഗ്രതയോടെ ടൂറിസം വികസനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പാരിസ്ഥിതിക ജാഗ്രതയോടെ ടൂറിസം വികസനത്തിനായി സംസ്ഥാനത്ത് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി എന്ന പേരിൽ ടൂറിസം വകപ്പിന്റെ കീഴിൽ ഒരു പ്രത്യേക സൊസൈറ്റി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ച വരുന്ന .

പരിസ്ഥിതി സംരക്ഷണം, ജലസംരക്ഷണം, കാർഷിക-ഗ്രാമീണ ടൂറിസം , പ്രാദേശിക ജനപങ്കാളിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകി സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ ടൂറിസമാണ് ഇതിലൂടെ നടപ്പിലാക്കി വരുന്നത് . സസ്റ്റെയിനബിൾ പ്രാക്ടീസിന് ഊന്നൽ നൽകി , വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ, കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ടൂറിസം നയമാണ് സർക്കാർ ആലോചിക്കുന്നത്.

**(ബി)** സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രയും താമസവും ലഭ്യമാക്കുന്നതിന് ടൂറിസം മേഖലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ജെൻഡർ ഓഡിറ്റിങ്ങിലൂടെ സമയാസമയങ്ങളിൽ വേണ്ട പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ആരംഭിച്ച സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി വഴി സ്ത്രീ സഞ്ചാരികൾക്ക് സുരക്ഷിതവും ശുചിത്വമുള്ളതുമായ ടൂറിസം കേന്ദ്രങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന . ഫോർട്ട് കൊച്ചി, മൂന്നാർ, കോവളം, ആലപ്പുഴ എന്നിവ ഉൾപ്പെടെയുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് കൂടി പരിശീലനം നൽകി , ഗ്രീൻ മാർഷൽസ് പദ്ധതി ആരംഭിക്കും. ശുചിത്വം,

ഉത്തരവാദിത്തപരമായ സന്ദർശക പെരുമാറ്റം , പരിസ്ഥിതി അവബോധം എന്നിവ പ്രോൽസാഹിപ്പിക്കും . സ്ത്രീകൾ നയിക്കുന്ന ടൂറിസം സംരംഭങ്ങൾ, ഹോംസ്റ്റേകൾ, ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ എന്നിവ സംസ്ഥാനത്തുടനീളം വിപുലീകരിക്കും.

സംസ്ഥാനത്ത് നിലവിൽ 20

കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് നടത്തിയിട്ടുണ്ട് .

**(സി)** അഗ്രോ ടൂറിസം പദ്ധതികളിലൂടെ കർഷകർക്ക് അധികവരുമാനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഫാം, കാർഷിക, ഇക്കോ, ജൈവ വൈവിധ്യ, കണ്ടൽക്കാട്, ഗ്രാമീണ ജീവിതാനുഭവ വിനോദസഞ്ചാര മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിന്റെ തനത് പാരമ്പര്യവും ഭക്ഷ്യസംസ്കാരവും സാംസ്കാരിക പൈതൃകവും സംരക്ഷിച്ചുകൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം ഹബ്ബുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു .

**സെക്ഷൻ ഓഫീസർ**